Reg. No. : ................................

Name : ......................................

**FY 38**

# FIRST YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2023

## Part – III

## SOCIOLOGY

**Maximum : 80 Scores**

Time : 2½ Hours
Cool-off Time : 15 Minutes

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use the 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Read the instructions carefully.*
- *Calculations, figures and graphs should be shown in the answer sheet itself.*
- *Malayalam version of the questions is also provided.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.

Score

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 9 എണ്ണത്തിന് ഉത്തരമെഴുതുക.**

**1 സ്കോർ വീതം.** **(9×1=9)**

**1.** ഒരേ സ്ഥലത്ത്, ഒരേ സമയത്ത് എത്തിച്ചേരുന്ന ജനക്കൂട്ടത്തെ ____________ എന്നു പറയുന്നു.

a) സംഘം

b) പ്രാഥമികസംഘം

c) സഞ്ചയം

d) സമസംഘം

**2.** സമൂഹശാസ്ത്രത്തിന്റെ ആവിർഭാവത്തിന് കാരണമായ ബൗദ്ധിക ആശയം തിരിച്ചറിയുക.

a) ജ്ഞാനോദയം

b) വ്യവസായ വൽക്കരണം

c) മുതലാളിത്തം

d) നഗരങ്ങളുടെ വളർച്ച

**3.** പ്രായം, ജാതി, വംശം, ലിംഗം എന്നിവയുടെ അടിസ്ഥാനത്തിൽ ലഭിച്ച പദവിയ്ക്ക് പേര് നൽകുക.

a) ആരോപിതപദവി

b) ആർജ്ജിതപദവി

c) പദവിക്കൂട്ടം

d) പദവിക്രമം

Score

4. മറ്റുള്ളവരുടെ സംസ്കാരത്തേക്കാൾ സ്വന്തം സംസ്കാരം ശ്രേഷ്ഠമാണെന്ന ധാരണയെ ____________ എന്നു വിളിക്കുന്നു.

a) സാംസ്കാരിക ചലന മാന്ദ്യം

b) വംശീയ കേന്ദ്രോന്മുഖത

c) സാർവജനീനത

d) ഉപസംസ്കാരം

5. സ്വയം നിരീക്ഷിക്കാനും വിശകലനം ചെയ്യാനുമുള്ള ഗവേഷകന്റെ കഴിവിനെ ____________ എന്നു പറയും.

a) പ്രതിഫലനം

b) നിരീക്ഷണം

c) വിമർശനം

d) പരീക്ഷണം

6. ഉയർന്ന വിഭാഗങ്ങൾ അനുഭവിക്കുന്ന മൂന്ന് തരത്തിലുള്ള ആനുകൂല്യങ്ങളാണ്, ജീവിതാവസരങ്ങൾ, ________________, രാഷ്ട്രീയ സ്വാധീനം.

a) സാമൂഹിക പദവി

b) മതപരമായ പദവി

c) സാമ്പത്തിക പദവി

d) വിദ്യാഭ്യാസ പദവി

Score

7. ______________ സാമൂഹിക ക്രമത്തിന്റെ ശത്രുവും എതിർപ്പ്/ശണ്ഠയുടെ തീവ്രമായ രൂപവുമാണ്.

a) യോജിപ്പ്

b) ഹിംസ

c) അധികാരം

d) നിയമം

8. ''ദ ഡിവിഷൻ ഓഫ് ലേബർ ഇൻ സൊസൈറ്റി'' എന്ന ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയതാര് ?

a) എമൈൽ ദുർഖീം

b) കാൾ മാർക്സ്

c) മാക്സ് വെബർ

d) ഹെർബർട്ട് സ്പെൻസർ

9. ലൂയിസ് ഡുമോണ്ടിന്റെ അഭിപ്രായത്തിൽ, ______________ മാറ്റത്തിന് വിധേയപ്പെടാത്തതും, സ്വയംപര്യാപ്തവുമായ കൊച്ചു റിപ്പബ്ലിക്കുകൾ ആയിരുന്നു.

a) ജാതി

b) വർഗ്ഗം

c) ഗ്രാമം

d) സമുദായം

Score

10. എ. ആർ. ദേശായിയുടെ ക്ഷേമരാഷ്ട്രത്തിന്റെ സവിശേഷതകൾ കാണിക്കുന്ന ചാർട്ട് പൂർത്തീകരിക്കുക.




**11 മുതൽ 15 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 2 സ്കോർ വീതം. (5×2=10)**

11. താഴെ തന്നിരിക്കുന്നവയെ ഔപചാരിക സാമൂഹിക നിയന്ത്രണങ്ങളേയും അനുഷംഗിക സാമൂഹിക നിയന്ത്രണങ്ങളേയും സൂചിപ്പിക്കുന്ന കോളങ്ങളിലേയ്ക്ക് വർഗ്ഗീകരിക്കുക.

[രാഷ്ട്രം, പുഞ്ചിരി, വിമർശനം, നിയമം]

| ഔപചാരിക സാമൂഹിക നിയന്ത്രണം | അനുഷംഗിക സാമൂഹിക നിയന്ത്രണം |
|---|---|
| ◦ | ◦ |
| ◦ | ◦ |

12. ഉദ്യോഗസ്ഥവൃന്ദത്തിന്റെ രണ്ട് സവിശേഷതകൾ എഴുതുക.

13. സാമൂഹ്യശാസ്ത്ര ഗവേഷണത്തിൽ ത്രികോണമാപനത്തിന്റെ പ്രാധാന്യം എന്ത് ?

14. ആഗോള താപനത്തിന്റെ രണ്ട് പ്രത്യാഘാതങ്ങൾ എഴുതുക.

15. D.P. മുഖർജി ചൂണ്ടിക്കാട്ടിയ പാരമ്പര്യം എന്ന ആശയം വിശദമാക്കുക.

Score

**16 മുതൽ 19 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.**
**4 സ്കോർ വീതം.** **(3×4=12)**

**16.** താഴെപ്പറയുന്നവ വിശദീകരിക്കുക.

a) സാമാന്യബോധജ്ഞാനം **(2)**

b) സമൂഹശാസ്ത്ര സങ്കല്പം **(2)**

**17.** ദുർഖീമിന്റെ യാന്ത്രിക ഐക്യവും ജൈവിക ഐക്യവും തമ്മിൽ വേർതിരിച്ചെഴുതുക.

**18.** സംസ്കാരത്തിന്റെ വിവിധ മാനങ്ങൾ ഉദാഹരണത്തിന്റെ സഹായത്തോടെ വിശദമാക്കുക.

**19.** കുലീനവൽക്കരണം ഏക സമുദായ വൽക്കരണത്തിൽ നിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു ?

**20 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.**
**5 സ്കോർ വീതം.** **(3×5=15)**

**20.** "നരവംശശാസ്ത്രവും സമൂഹശാസ്ത്രവും ഇരട്ടപ്പെറ്റ സഹോദരിമാരാണ്." സമൂഹശാസ്ത്രവും നരവംശശാസ്ത്രവും തമ്മിലുള്ള വ്യത്യാസം എന്താണ് ?

**21.** a) അനുക്രമ ഏകവിവാഹം എന്നാൽ എന്ത് ? **(2)**

b) വിവാഹ നിയമങ്ങൾ വിവരിക്കുക. **(3)**

Score

22. a) മൽസരം എന്നാൽ എന്ത് ? (2)

b) മുതലാളിത്ത വ്യവസ്ഥിതിയുടെ സവിശേഷതകൾ പട്ടികപ്പെടുത്തുക. (3)

23. ചേരുംപടി ചേർക്കുക.

| A | B |
|---|---|
| കാൾ മാക്സ് | സാമൂഹിക വസ്തുതകൾ |
| എമിലി ദുർഖിം | നൂൽ നൂൽപ്പ് യന്ത്രം |
| മാക്സ് വെബർ | 1789 |
| വ്യവസായ വിപ്ലവം | ആദർശ മാതൃക |
| ഫ്രഞ്ച് വിപ്ലവം | അന്യവൽക്കരണം |

**24 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.**
**6 സ്കോർ വീതം.** **(3×6=18)**

24. a) വ്യത്യസ്ത സമൂഹങ്ങളിൽ വിവിധ കുടുംബരൂപങ്ങൾ കാണപ്പെടുന്നു. വാസസ്ഥലം, അധികാരം എന്നിവയെ അടിസ്ഥാനപ്പെടുത്തിയ കുടുംബരൂപങ്ങളെ വിവരിക്കുക. (4)

b) ബന്ധുത്വം കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് ? (2)

25. ജി. എസ്. ഘുര്യെ ചൂണ്ടിക്കാണിച്ച ജാതിയുടെ ആറ് സവിശേഷതകൾ വിശദീകരിക്കുക.

26. നമ്മുടെ സമൂഹത്തിൽ കാണുന്ന വിവിധ തരത്തിലുള്ള സാമൂഹിക മാറ്റങ്ങൾ വിശദീകരിക്കുക.

27. വിവിധ തരത്തിലുള്ള അഭിമുഖ രീതികൾ വിശകലനം ചെയ്യുക.

Score

**28 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**

**8 സ്കോർ വീതം.** **(2×8=16)**

**28.** a) സാമൂഹ്യവൽക്കരണം എന്നാൽ എന്ത് ?

b) വ്യക്തിയുടെ പെരുമാറ്റം രൂപപ്പെടുത്തുന്നതിൽ വിവിധ സാമൂഹ്യവൽക്കരണ ഏജൻസികളുടെ പങ്ക് വിലയിരുത്തുക.

**29.** നമ്മുടെ സമൂഹത്തിൽ കാണുന്ന വിവിധ തരത്തിലുള്ള സാമൂഹ്യസംഘങ്ങളെ പട്ടികപ്പെടുത്തുകയും വിവരിക്കുകയും ചെയ്യുക.

**30.** വിഭവശോഷണം, മലിനീകരണം തുടങ്ങിയ പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ വിവരിക്കുക.